പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2028 — 05.10.2016-ൽ മറുപടിക്ക്.

## 1961-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ടെക്സ്റ്റയിൽ ഷോപ്പുകളിലും മറ്റും ജോലി ചെയ്യുന്ന വനിതാ ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 1961-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വരുത്തിയ ഭേദഗതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ബി) 16.09.2015–ലെ ജി.ഒ.(പി) നമ്പർ.134/2015/ എൽബിആർ നമ്പർ ഉത്തരവ് പ്രകാരം കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ്, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവ നൽകണമെന്നും, ആവശ്യമായ വിശ്രമ സ്ഥലം നൽകണമെന്നും, സ്ത്രീകൾക്കും, പുരുഷന്മാർക്കും പ്രത്യേകം ലാട്രിൻ/ യൂറിനൽ സംവിധാനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപകടം പിടിച്ച മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് സംരക്ഷണ സാമഗ്രികൾ നൽകണമെന്നും, പ്രഥമ ശുശ്രൂഷാ സംവിധാനം ഒരുക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 20-ഉം അതിൽ കൂടുതലും വനിതാ-തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം നൽകണമെന്നും അൻപതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്നതായ സ്ഥാപനങ്ങളിലെ 25 |

കി.മീ. അകലെ വാസസ്ഥലമുള്ളവരായ തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകണമെന്നും, തൊഴിലുടമ വർഷത്തിലൊരിക്കൽ ആന്വൽ വെൽഫയർ റിട്ടേൺ ഫയൽ ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ